**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3888** **27-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീ ഫാബ് ഐസൊലേഷൻ വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ മണ്ഡലത്തിലും ഏകദേശം രണ്ട് കോടി രൂപ ചെലവഴിച്ച് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പകരം മണ്ഡലത്തിലെ സി.എച്ച്.സി യിലോ ബ്ലോക്ക് ലെവൽ എഫ്.എച്ച്.സി യിലോ മൾട്ടിപർപ്പസ് കോൺക്രീറ്റ് ബിൽഡിംഗോടുകൂടിയ ഐസൊലേഷൻ വാർഡ് നിർമ്മിച്ചാൽ ഭാവിയിലും പ്രസ്തുത സ്ഥാപനങ്ങൾക്ക് സ്ഥിര ആസ്തിയായി മാറാൻ കഴിയുമെന്നത് പരിശോധിക്കുമോ; വിശദമാക്കാമോ? | (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വളരെപ്പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെ നിലവിലുള്ള കേന്ദ്രീകൃതമായ കോവിഡ് ചികിത്സ കേന്ദ്രങ്ങൾക്ക് പുറമെ സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലുമുള്ള ഒരോ ആരോഗ്യസ്ഥാപനത്തിൽ പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ച് 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനാണ് സർക്കാർ നിലവിൽ തീരുമാനിച്ചിട്ടുള്ളത്. കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെയാണ് ഈ പദ്ധതിക്ക് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ